- "Teaching should be such that what is offered is perceived as a valuable gift and not as a hard duty."
- "Imagination is more important than knowledge."
- "I know not with what weapons World War III will be fought, but World War IV will be fought with sticks and stones".

# Battle Field

4460, Vaishak M. Raj, Class VII, 12 yrs



Shoot! Shoot! Shoot
Duck! Duck! Duck!
Rise in the battlefield up! Up! Up!
Think! Think! Think!
There's no time do think.
Run! Run! Run!
There's no way to run
Think of the country,
Run for the country,
Give your life for the country.
In the fields of fields
Is the battle field,
Bloodshed is nothing,
Life is nothing,
Out of the lands of lands
Precious for me is my motherland.

# *My Hero – The Great Visionary*
# SWAMI VIVEKANANDA

4342, Adarsh Mohan, Class VIII, 13 yrs



"Young men arise, awake, for the time is propitious. Be bold and fear not. Arise, awake, for your country needs this tremendous sacrifice. The young, the energetic, the strong, the well built, the intellectual – for them is the task. Arise, awake, the world is calling upon you." Swami Vivekananda not only preached these magnetic words but practised and showed it to the world.

I was really thrilled to feel the fire of Vivekananda's life giving message. Each one will be equally thrilled by the directness of his appeal, aroused and energized by the earnestness of his call and the enthusiasm of his message. I adore Swami Vivekananda for his epic life and his enlightening and invigorating teachings. From his life and books, a reader could get individual betterment, social improvement, national service, international integration and spiritual expansion.

Vivekananda was born in 1863 in Calcutta. His childhood name was Narendra. At the age of eighteen, he became the disciple of Sri Ramakrishna Paramahamsa. After Guru's death, Naren established the first monastery of Sri Ramakrishna. He was a wandering monk. After wandering across all the Gangetic plain, he travelled the Himalayan verticals, Rajaputhana deserts, the Deccan Plateau and into the south, the land's end on Christmas night of 1892. He spent three nights on the rock off the Kanyakumari cape, where he understood the potential greatness of India. The meditation on the rock, transformed him into an active social reformer. He combined service with renunciation and became Swami Vivekananda.

He got his international reputation for his great Chicago address at the world parliament of Religions in 1895. He reached there as an uninvited, coloured intruder, wearing a funny gear and later he electrified the audience with his words and opened the world's eyes to the spiritual greatness of enslaved India. Returning to Calcutta, he converted other monks from reclusive mutt life to missionary activism which was to energise millions of Indians into a national renaissance. He rekindled India's cultural pride with a missionary zeal. Many foreigners were attracted by his charisma and became his disciples. It was after Swami Vivekananda that the freedom movement turned into a truly national movement. India lost her greatest visionary, thinker, genius and social reformer, Swami Vivekananda in 1902 before his 40th birthday.

He is physically no more, but that mass of wisdom, the Himalayan intellect, that soul bathed, in blessedness, that incarnate spirit of India is imperishable Vivekananda lives in his words, whose living power can be felt as one listens to them. His message is a tonic to drooping souls and he is an awakener par excellence.

From Sister Nivedita's words

These then – the shastras, the Guru, and the motherland – are the three notes that mingle themselves to form the music of the works of Vivekananda.... These are the three lights burning within that single lamp which India by his hand lighted and setup for the guidance of her own children and the world...




# THE LOST EMPEROR

4384, Anoop S. Sivan, Class X, 15 yrs

The lion of Mesop
Becomes an Aesop?
Lives in iron and
Moves in lion.

Oh! Saddam be brave and gracious

Fate altered your life in a moon
As trees shed their dry leaves at noon
Fete comes to your life soon
As colours blossom 'a yon?'

Oh! Saddam be brave and gracious

You became the millennium hero
The gang of white made you a zero
So, hold on the a selenium bar
To win for the next millennium war.

Oh! Saddam be brave and gracious

Fight with your last tooth
To wash off your land's soot
Slash off the bands of white
To make your life bright.

Oh! Saddam be brave and gracious

Are you in intense paternal grief?
As your sons crowned in heaven
They made their lives in a brief
As it gowned your wife with a Helen.

Oh! Saddam be brave and gracious

But I do feel
You are a cruel eel
And sowed greed and creed in fields
To get devasting yield
But a man can never be
A Saddam as Saddam in chains
As you are the 'Lost Emperor'.

# HITLER

## The Great Personality

4182, Jayakrishnan, Class IX, 14 yrs

When we hear the name Hitler, the first thing which comes to our mind is a cruel face but actually we do not know HITLER THE MAN. He was a patriot. At the age of 11 itself he had a sheer determination to save his country Germany to become famous one day. And his thoughts were different from the other boys:

He joined the army though his father wanted him to be an advocate. His mother died when he was 18 and his father was very strict. His army life went on smoothly when one day he got an opportunity to lead the Germans to fight against the Britishers but it was unfortunate that he could not win over the Britishers. Millions of Germans said good-bye to the world. Hitler had a serious eye problem in this attack. After being discharged from hospital he came to know about the condition of his motherland. She was in the hands of Britishers and he was not able to visualize her after effects.

It was later he knew that Germans were defeated because the Jews betrayed them. This generated anti-Jews feeling in Hitler and later on he made the Nazi party and he killed all the anti German element (Jews) in the name of concentration camp and stood still till his motherland was free.

He loved Galey, his sister's daughter but she was shot dead by his own party members to deviate him from the path of love. This made a major change in Hitler and pledged not to take meat in his life. He married Eva Brown, later he committed suicide when he was surrounded by Soviet army. Now friends think isn't Hitler a Great Personality?

# A Sister

4453, Aravind V. Devan, Class VII, 12 yrs




When the world has lost its lustre,
She never loses her faith in you.

When things don't go as planned,
She is there to count and care beside you.

When others turn away from you,
She is a friend who listens to you.

She is like a guiding light in the
darkness of the night.
She is like a breath of spring in the
storms of winter.

She brings sunshine when there are clouds
She brings happiness when there are
disasters all over

She is a special kind of person,
A unique and caring friend....

She thinks that you are the best
Here, 'She' is none other than 'A SISTER'

# BREEZE, WIND AND HURRICANE

4460, Vaishak. M, Class VII, 12 yrs

Once in a town an old tree stood beside a river. The tree always wanted air to pass through him. Moreover he was a very greedy tree. One day God appeared before him and asked him what he wants. He told God his intention and it was fulfilled. God blew a gentle breeze through him. As his greedy intention grew stronger, he asked God for another strong breeze. Then God granted him a wind. Again he asked God for another stronger wind. Then God put up a hurricane before him and ordered it to pass through the tree. As it passed it took the tree without leaving its root and left it to die. The tree told God that he was a cheat. God said, "You asked for a breeze I gave you a breeze. You asked for a stronger breeze and I gave you a wind. You again, asked for a stronger one. I gave you a hurricane". "Your greedy intention led you here and you are the right person to suffer it."



# THE FIRST TIME I BOARDED A TRAIN

4412, Navami A.N, Class VII, 12 yrs

The first time I boarded a train was when I was 3 years old. I was going to Delhi to visits my uncle with my father and mother. I was surprised to see the train. I was very scared and began to cry thinking that it was some sort of giant creature. My father told me that it does not have life and it is run by using fuel. When I boarded the train, I was very happy that I began to laugh and clap my hands. When the train started moving, I began to fall but my father took hold of me and made me sit on a seat. When it was night, I slept with my mother on the lower berth. I felt that I was in a cradle.

During the journey of three days, I met different types of people and mingled with them. We were like a family. There was a foreign lady in our compartment. I looked at her curiously because she had white hair and she looked odd from other passengers. She told me something in English but I could not understand what she was saying. The thing which surprised me was that the foreign lady ate only tinned food and chocolates. She gave me a chocolate and canvassed my childish play in her camera. We shared our food with our fellow passengers. During daytime I looked out through the window and enjoyed the different beautiful scenery. Vendors with different types of toys attracted me most.

After the first day of the journey I was bored because I couldn't play inside the train. I wanted to reach Delhi fast.

After 3 days, we reached Delhi. I was very surprised to see such a big railway station and the rush of people for train and I felt very happy that I escaped from the trapped journey. But I was also sad that I had to miss my friends in the train. Anyway it was an unforgettable experience.

# Smile

4453, Aravind V. Devan, Class VII, 12 yrs

Smile – A beautiful gift of God.
Smile – it doesn't look odd
A precious thing in one's life,
which can't be described.

A beautiful creation of nature
Which gives us pleasure.
It's life opposite of sorrow
Which we can't borrow

Two lips are symbols of smile
It is a fantastic style
You can't hide from anyone
Because it lives in every one.

Oh my friend! Life is a smile,
So, forget your sorrow
And always smile, smile
and keep smiling!!!





# Friendship

4453, Aravind V. Devan, Class VII, 12 yrs

Friendship is money more easily
made than kept
Friendship is the shadow of evening
Which strengthens with the
setting of the sun of life.
Friendship is the green hill by the
dusty road of life
Never choose a friend by outward show, for a feather floats high where a pearl lies low.
Don't be afraid of the enemies who attack you. Be afraid of the friends who flatter you.

# PUNCTUALITY

4400, Hareesh S. Nair, Class VII, 12 yrs

Punctuality, says an old proverb, is the politeness of princes. It is the habit of being in time to do whatever is to be done at its appointed time. The punctual student reaches school or college in good time for the first lesson. A punctual teacher does the same. A punctual worker reaches his factory or other place of work, and a white-collar worker or professional man reaches his office, in time to start work at the time at which it is scheduled to begin. No man who has cultivated and acquired the habit of punctuality will be so rude as to make other people wait for him by failing to reach the place of appointment at the appointed time.

The punctual man can face life confidently. He can be sure of achieving success, whatever be his sphere of life. Consider the case of a punctual boy. He comes to school or college in good time for his lessons, and is in his place, with his books and note-books ready for his immediate use, as soon as the teacher comes into the room.

The unpunctual man, on the other hand, is a curse to himself and a curse to society. He is late on every occasion. He gets up late in the morning, has to hurry through his morning routine, has probably to eat his breakfast in such a hurry that he will develop indigestion, rushes to the bus stand or railway station only to find that his bus or train has already left, and consequently reaches his place of work very late if he is an office-worker, his late arrival will probably upset the work of the office and put his colleagues to much inconvenience. If he has to appear for an interview on which his promotion depends, he will probably be late for it, and so miss his chance of advancement. He will thus be miserable throughout his life and his biography may be written in four words "A FAILURE IN LIFE."

# MY SWEET DREAM

4475, Arun Mathai, Class VII, 12 yrs

I was woken up by our family robot Ms Mech who was made by my great-great-great grandfather. I was in a hurry and my blanket automatically folded up and went to the cupboard which scanned the fibres in the blanket and the cupboard flung open to allow the blanket to settle inside. I went to my bathroom and took my Germ scanning and destroying bath. Within twenty seconds I was clean and my dress came flying and fitted itself on me. I went down for my breakfast and the breakfast was kept, the Bread Nourishment Pills (BNP) and the Egg pills together. At that moment my father came down and told me that we have to go for a tour. My sister and mother got ready and came down. And we set up the Anti-theft process and also the anti-interpenetrating process in our house and in our robot. Then we stepped out onto the glass kept floating in front of our house and knew that our S-8000 x model space-ship (which was one of the cheapest space-ship). We needed to go to the next galaxy which had beautiful places. My father set the destination and route to the galaxy and turned back and told us about old days. When he told that in old days they ate heavy breakfast and had to go to institutions for studying called schools. Then I thought how lucky I was we did not have to eat heavy breakfast we just needed a pill and about knowledge we had KSB (Knowledge Storing Brain) which could be stored using KC (Knowledge Cassettes). We reached the galaxy and my father used the tele transporter which could be used only in the specific galaxy we are at the moment and not in other galaxies. And my mother was transported to the LSP (Ladies Super market Planet). Then my sister was transported to the Toy Planet. Then myself was transported to KIDS Play Planet and my father went for the All-Universe Representative Conference. After many hours we all were transported to our spaceship. And we started the journey to our galaxy. On the way we were hit by a comet and the space -ship was blasted. I was poked by my friends and they asked why I was screaming. I realized it was only a dream. A sweet dream.

# Life Forever Plan & Plant

4465, R.M. Rakesh, Class VII, 12 yrs



**GENERAL GIANT TREE**
**(Giant Sequoia Tree)**

The tree from Kings Canyon National Park U.S.A. This tree is 267.4 feet in height. It is the third largest living thing in the world. It is ageless and enduring majesty. It is estimated to be 1800 to 2000 years young.

Humanity has always exploited the benevolence of nature. For self-gain, they have been milching natural resources be it minerals, be it oil, they have gone to the limit where the world is now apprehensive about the quality and quantity of resources to be inherited by future generations.

The extremely negligent manner of using appliances and the energy used, have left our atmosphere totally polluted. Trees are a gift of nature which naturally recycles the air we exhale, absorbing carbon-di-oxide and releasing fresh oxygen. The importance of forests cannot be belittled ever. They help in preserving our soil from erosion, attract water-laden clouds for rain, provide valuable timber and are responsible for retention of subterranean water. They provided shade to weary travellers and small plants together with being an invaluable source of Nitrogenous manure. We hear of policies and drives of tree plantation but all these are just for the day and a good play to get media attention. Instead of this single inning drama, this should be a continual process as demonstrated by the literate and conscientious people of Kerala. They had decided to plant tree in the memory of dead. What greater honour to the departed soul and a strong upright tree providing fruits, fresh air and shade. Their efforts initiated in the nineties have continued to improve the ecology.

The result of indiscriminate felling of trees has been a total change in the laws of nature too with rise in temperature, lower ground water level and lesser, irregular seasonal rainfall. Soils are being washed away and the mountain ecology devastated. Thousands have been displaced due to forest land going under water due to constructions of huge hydro electric projects. This together with huge dams constructed for water control has laid waste thousands of square kilometres of valuable forests. Hill sides are laid waste of trees in the name of tea plantation and forests lands claimed by the burgeoning population. All this while government agencies look on as impassive spectators. The North-eastern areas of the country which have seen settlements and tree plantation after clearing forests are already bearing the brunt. The trees were the main grippers of loose soil on the hill sides and felling of this 'benevolence of nature' indiscriminately due to commercial value and road construction have left the soil loose together with the rocks. They are of primary importance a heredity to be graduated and National importance.

Trees give a harmony for mind which the mechanical world population long for. The scent of flowers, the beauty of blossoms, the home of birds and their chirp are the bonus we get from them.

Let us resolve our mind to plant a tree every year and watch it growing, flowering, still growing when we are retiring. We can leave it to our generations who see us in the ever living tree we have planted.

PLAN & PLANT

# Flight Of The Dream

4210, Nikhil P. Kumar, Class IX, 14 yrs



The year 1875 when Imperialism was there like a plague in a body in Africa. This is a dream of a prisoner who awaits to see the independence.

The night was cold, cold breeze started blowing. I was behind the bars in a dark room. With my hand stretched I was able to reach the keys in the jacket of the snoring guard. I took the key not even a fly knew. I took the keys in anxiety. It was a bunch of keys, I tried each and every one and at last I got the one and I opened the bars. The prison clock struck midnight. I ran out and my every heart beat was for the freedom which I awaited. There were lights going zig zag searching for the intruders and bunkers of the prison. I was having the feeling that the prison dogs were chasing me. The huge black, sharp teethed dogs were barking and running behind. I took a long sharp wooden stick from the ground and poked on the dog. I dug myself down the prison gate like a mole for its food. The sweat was flowing like the water in the stream in my body. At last I got out. I felt the moonlight on my body. The feeling of freedom.

'Wake up, damned', said the guard.

'It was only a dream, when shall it come true God. The freedom of our country and me,' said myself.

# 'TEACHERS' – THEY ARE SPECIAL

4181, Nirmal. M, Class IX, 14 yrs




Yes, teacher's are "special people"
Because of all they symbolise
And stand for

Glowing lamps illuminating
The darks of ignorance

Skilled potters
Moulding and forming
The tender young minds and hearts
Entrusted to their care;

Devoted gardeners
Tending and nurturing
The budding plants
In their garden patch
Helping them to blossom and bloom
Through their care and concern.

# IMPORTANCE OF BECOMING A GRAIN THAN A CHAFF

4387, Arun Gopi, Class X, 15 yrs



During the time of reaping the harvest, the farmer holds a broad sieve and all the grains are put into it and stands on an elevated platform for shaking it. What happens when this is done? If it is mere chaff, it will fly away and get lost in the air and if the grain is present, then it falls to the ground and stays. This is similar to our life. In our life, we must have faith. Faith in something which we have inside us. There will be many hard situations in life and you may not be able to face them all. But if you have faith and a stable mind in yourself then you can face all of them in a peaceful manner. Thus if you have true faith, then you will be like the grain which is successful in finding its way. But if you are like a mere chaff and have no faith, if you go into fear, then you will fly away in the air. You will be nowhere. You will not have anything to hold onto and such people have no value at all.

God expects only one thing from you, "your unshakable faith." If your faith shakes very quickly or if you realise that you do not have any faith at all when difficulty strikes, then it is also like being the chaff. If you don't have faith, you're nothing. Our love, faith and belief should be deep rooted, and then everything else moves on its own.

# MY WAY TO SUCCESS

4440, Akash. S, Class VII, 12 yrs




You are my teacher
You give me guidance
You show me the right ways
In lovely ways
And I promise you, My teacher
I'll always adore you
For You showed me the
Way to success.




# I AM ALONE

4494, Kailasnath. S, Class IX, 14 yrs

Show me the meaning of being lonely
Is this the feeling I need to cope with?
Tell me why, why I feel this way,
Tell me why.

Even in the midst of my closest ones
Why the hell do I feel lonely
Even when I'm chatting with my best friend,
Why, why the hell do I fell lonely.

No science, no knowledge can explain
The cause of loneliness
Nobody knows, not even one, about
Loneliness except Lord the great (I hope!)

# TO KK – THE TRUE FIGHTER

M.P. Anil Kumar, Former Fighter Pilot
(Roll No. 1122, 1981 Batch)

Fondly called KK, Wing Commander B.S. Krishna Kumar, a classmate (Roll No. 1076), took over as the Commanding Officer of the Helicopter Flight based at Car Nicobar in November 2004. As the seismic tremors set off by the seaquake on the fateful morning of 26 December began quivering his world, KK mustered his wife, daughter and son, and fled into the open. Minutes later, the sea turned hostile and the waves rose menacingly. The invading torrent had the unsuspecting crowd outside the officers' quarters running helter-skelter and later taking shelter on the rooftops. Not KK. He employed the robust survival instincts he honed at our alma mater – Sainik School, Kazhakootam – and bolted *en famille* to higher ground. On their way, they hitched on to the vehicle of an officer and reached the highest spot on the island. They lived to tell the tale but only five on the rooftops survived the cataclysm.

The Station Commander, another lucky survivor, asked KK to reconnoitre the ruin. Just 30 minutes after the tsunami struck, KK, Flight Lieutenant Vijay Kumar (co-pilot) and a crew of four Sergeants were airborne in a Mi-8 helicopter, wearing pyjamas, vests and borrowed footwear. Except KK, no crewman was aware of the whereabouts or safety of his loved ones.

The widespread devastation benumbed them. KK converted the recce into a rescue mission at once. Though they saved many IAF personnel and their families marooned on the housetops, they had to helplessly watch some getting washed away by the ebbing waves. Thereafter, he headed to the villages and rescued some islanders, but most of the settlements were either submerged or obliterated.

Short of fuel, KK landed the Mi-8 and hopped in to another. He flew to a teasingly floating ramp teeming with stranded women and children. The crew used a winch and a fire tender ladder to evacuate them. This protracted rescue was as heroic as it was audacious and perilous.

They could not undertake more missions as the fuel on board the choppers was used up and the fuel in the Car Nicobar dump was contaminated by sea water. In under six hours, KK and his crew rescued 356 lives. Bravo KK and Air Warriors!

Eight months on, KK is still coming to grips with the trauma of losing several officers and airmen he commanded and their kin. And he is still grappling with the task of rebuilding life from scratch as the tsunami swallowed his entire belongings.

On this Independence Day, KK was conferred the Kirti Chakra, the second highest peacetime gallantry award, for his exemplary devotion to his calling under adverse circumstances. KK, we, your mates, are ineffably proud of you.

*(The above article was published in the Indian Express, on 27 Aug. 2005)*



The School Yoga Club



The School Volleyball Team



The School Football Team



The School Cricket Team



The School Athletics Team



The School Tennis Team



Best in Academics



The School Hockey Team



The School NCC Staff



The School Karate Team



The School Basketball Team



The School Band



The School Cadet Appointments



Shivaji House - Cock House (Senior)

കവിത

# ഏകനായ് ഞാൻ

അരുൺ. എസ്
4505, IX C



സമയം അതിന്റെ മന്ദ
ഗതിയിൽ നീങ്ങുന്നുവോ....?
അറിയില്ല, ചുറ്റും ഇരുട്ട്
കാലത്തിന്റെ കറുത്ത കൈകൾ
എന്നിലേക്കു നീങ്ങുന്നുവോ....?
ഒഴുകുന്നു രക്തം
ഒരു ചെറു നീർച്ചാലു പോലെ
പടരുന്നു.......
പരുപരുത്ത കീറത്തുണിയിൽ
ബന്ധനസ്ഥനാണ് ഞാൻ.
കാലിൽ ഒരു പിശാചിൻ നഖങ്ങൾപോലെ
വരിഞ്ഞു മുറുകിയ ചങ്ങലക്കണ്ണികൾ
മുന്നിൽ വരണ്ട ഭൂമിപോലെ
കാലപ്പഴക്കം ചെന്ന ഓട്ടുപാത്രം.
വേഴാമ്പലിനെ പോലെ ഒരിറ്റു
ജീവജലം കാത്ത് ദിനങ്ങൾ....
കറപിടിച്ച ചുവരുകളിൽ
ആരുടെയൊക്കെയോ മുഖങ്ങളുണ്ടോ....?
അറിയില്ല ഒരുപക്ഷെ എന്റെ
മുജ്ജന്മത്തിലെ മായാ മുഖങ്ങൾ
പാഴ്ജന്മങ്ങൾ....!
മനസ്സിന്റെ ഒരു കുഞ്ഞു കോണിലെ
ആ കെടാവെളിച്ചം പോലും
എന്തിനു നീ ഊതിക്കെടുത്തി.....?
ഇതാ ഇപ്പോൾ ജീവിതത്തിന്റെ
കറുത്ത വഴികളിലൂടെ
ഏകനായ് ഞാൻ......

ലേഖനം

# സാഹിത്യപഠനം എന്തിന്?

**ദീപ. ആർ.വി.എം.**
അസി. മാസ്റ്റർ, മലയാള വിഭാഗം

സഹൃദയരുടെ ഹൃദയാഹ്ലാദമാണ് സാഹിത്യത്തിന്റെ പരമപ്രധാനമായ ലക്ഷ്യമെന്ന് പ്രാചീനകാലത്തെ ആചാര്യന്മാർ പറയുകയുണ്ടായി. ഒരുകാലത്ത് പാണ്ഡിത്യത്തിന്റെ പ്രകടനമായാണ് സാഹിത്യരചനയെ കണ്ടിരുന്നത്. മനസ്സിനെ വിമലീകരിക്കാൻ അഥവാ വിരേചനത്തിന് സഹായിക്കുന്നു കലയെന്ന് പാശ്ചാത്യർ വാദിക്കുന്നു. പാശ്ചാത്യരുടെയും പൗരസ്ത്യരുടെയും സൗന്ദര്യശാസ്ത്രം പരിശോധിക്കുമ്പോൾ കലയ്ക്കും സാഹിത്യത്തിനും മനുഷ്യമനസ്സുമായി എത്രമാത്രം ബന്ധമുണ്ടെന്ന് നമുക്ക് മനസ്സിലാകും. കവിതയോ കഥയോ നാടകമോ എന്തുമാകട്ടെ, ആ സാഹിത്യരൂപങ്ങൾക്ക് എന്തു ധർമ്മമാണ് നിർവ്വഹിക്കാനുള്ളതെന്നു ചിന്തിച്ചവർ കലയുടെ പ്രയോജനത്തെ പല രീതിയിലും വിശദീകരിച്ചു.

കേവലം മാനസികോല്ലാസം മാത്രമല്ല കലയുടെയും സാഹിത്യത്തിന്റെയും ലക്ഷ്യം. അത് മനുഷ്യമനസ്സിന്റെ നവീകരണത്തിനുതകുന്നതായിരിക്കണം. മനുഷ്യന്റെ സാമൂഹ്യജീവിതത്തിൽ നിന്നുതന്നെയാണ് സാഹിത്യവും രൂപമെടുക്കുന്നത്. ഉദാഹരണത്തിന് സാധാരണക്കാരന്റെ കൂട്ടായ്മയിൽ നിന്നുണ്ടായ ഗാനങ്ങളുടെ വറ്റാത്ത ധാരയാണ് നാടൻപാട്ടുകൾ. ജീവിതഗന്ധികളായ രചനകളിലൂടെ പല സാഹിത്യകാരന്മാരും നമ്മുടെ മനസ്സിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

സാഹിത്യത്തിനു മനുഷ്യജീവിതവുമായുള്ള ബന്ധം അവഗണിക്കാനാവില്ലെന്നു നമുക്കറിയാം. പക്ഷേ സാഹിത്യപഠനത്തിന്റെ പ്രാധാന്യത്തെ കുറച്ചുകാണുന്ന പ്രവണതയാണ് നാമിന്നു കാണുന്നത്. ശാസ്ത്രവും ഗണിതവും പഠിക്കണമെന്നു ശഠിക്കുന്നവർ ഭാവിയിലെ ജോലിസാധ്യതകളെത്തന്നെയാണ് ലക്ഷ്യമാക്കുന്നത്. അവരുടെ കണ്ണിൽ ഭാഷാപഠനം കൊണ്ടൊരു പ്രയോജനവുമില്ല. മലയാളിക്ക് മലയാളം അന്യമാകുന്നുവോ എന്ന ആശങ്കയും ഉയർന്നു തുടങ്ങി.

കവിതയും കഥയും നോവലും പുരാണങ്ങളും പരിചയപ്പെടുമ്പോഴുള്ള നേട്ടമെന്താണ്? ഭാഷയുടെ മാധുര്യമാണ് നാം അനുഭവിച്ചറിയുന്നത്. ഭാവനയുടെ ലോകമാണ് നമുക്കു മുന്നിൽ വിടരുന്നത്. സഹജീവികളുടെ വാക്കുകൾ സംഗീതമായി തോന്നണ

മെങ്കിൽ ഹൃദയം നിർമ്മലമായിരിക്കണം. ആ ഹൃദയനൈർമ്മല്യം തന്നെയാണ് സാഹിത്യ പഠനത്തിലൂടെ നാം നേടുന്നത്. ശാസ്ത്രത്തിന്റെ കണ്ടെത്തലുകളും കണക്കിന്റെ കണിശതയും ഗ്രഹിക്കാനുള്ള വെമ്പലിനിടയിൽ സാഹിത്യത്തിന്റെ നന്മ കുട്ടികൾക്ക് ആശ്വാസമാകും. കവിതകൾ നിർവ്വചിക്കാനാകാത്ത അനുഭൂതിയാണ് പകർന്നുതരുന്നത്. അത്തരമൊരു അനുഭവമാണ് സാഹിത്യപഠനമില്ലാതാകുമ്പോൾ കുട്ടിക്ക് നഷ്ടമാകുന്നത്.

താളവും ഈണവും ആശയഭംഗിയും കുട്ടി കണ്ടെത്തുന്നു. സൗന്ദര്യാസ്വാദനശേഷി അവനു കൈവരുന്നു. വാക്കുകളിലൂടെ സങ്കല്പലോകത്തിലേക്ക് കൈപിടിച്ചുകൊണ്ടുപോകുന്ന സാഹിത്യാദ്ധ്യാപകനെ കുട്ടികൾക്ക് മറക്കാൻ കഴിയില്ല.

ഗ്രീക്ക് തത്ത്വചിന്തകനായ പ്ലേറ്റോ തന്റെ ആദർശരാഷ്ട്രത്തിൽ കവികൾക്കും കലാകാരന്മാർക്കും സ്ഥാനം നൽകിയിരുന്നില്ല. ജീവിതവുമായി ഇവർക്കൊരു ബന്ധവുമില്ലെന്നു വാദിക്കുന്ന പ്ലേറ്റോയുടെ അനുയായികൾ ഇന്നും നമ്മുടെയിടയിലുണ്ട്. ഇതിനോടൊരിക്കലും യോജിക്കാൻ കഴിയില്ല. നമ്മുടെ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും സത്ത ഉൾക്കൊള്ളുന്ന വേദങ്ങൾ തൊട്ടിങ്ങോളമുള്ള കൃതികളെ തള്ളിപ്പറയുന്നതെങ്ങനെ? ഓരോ കാലഘട്ടത്തിലും അധർമ്മത്തിനും അനീതിയ്ക്കും എതിരെ പൊരുതിയ, ദുഷിച്ച വ്യവസ്ഥിതികൾക്കെതിരെ ശബ്ദമുയർത്തിയ സാഹിത്യകാരന്മാരെ ഒഴിച്ചുനിർത്തിയാൽ ചരിത്രമെങ്ങനെ പൂർണ്ണമാകും?

എന്നും വർത്തമാനകാലത്തെ അനീതികൾക്കെതിരെ കലഹിച്ചവരാണ് സാഹിത്യകാരന്മാർ. സാമൂഹ്യപ്രതിബദ്ധതയുള്ള എത്രയോ സാഹിത്യകാരന്മാരെ നമുക്കറിയാം. ഇങ്ങനെ ഏതൊക്കെ രീതിയിൽ നോക്കിയാലും സാഹിത്യപഠനത്തിന്റെ ആവശ്യകത നമുക്ക് മനസ്സിലാകും. അതുകൊണ്ടു തന്നെ പഠനത്തിൽ നിന്നും സാഹിത്യത്തെ ഒഴിച്ചു നിർത്തുക ഒരിക്കലും സാധ്യമല്ല.

1983-ൽ ഉപരാഷ്ട്രപതിയായിരുന്ന ശ്രീ. ആർ. വെങ്കിട്ടരാമൻ രാജ്യരക്ഷാമന്ത്രി ആയിരുന്ന വി.കെ. കൃഷ്ണമേനോനെപ്പറ്റി പറഞ്ഞു 'സൈനിക വിഷയങ്ങളെ കുറിച്ചുള്ള രേഖകളും പ്രമാണങ്ങളുമൊക്കെ അദ്ദേഹം അതീവ ജാഗ്രതയോടെ പഠിച്ചിരുന്നു. ആഴത്തിലുള്ള അറിവിൽ വിദഗ്ദ്ധരെ പോലും വിസ്മയിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. സായുധസേനയിലും നാടിന്റെ പടക്കോപ്പുല്പാദനത്തിന്റെ അടിത്തറ ഉറപ്പിക്കുന്നതിലും അത്യന്തം തത്പരനായ ഒരു രാജ്യരക്ഷാ മന്ത്രിയെ ആദ്യമായി നമുക്ക് ലഭിച്ചു.'

വി.കെ. മാധവൻകുട്ടി

- വി.കെ. കൃഷ്ണമേനോൻ

*(ജീവചരിത്രം)*

കഥ

# ഒരു ജോക്കർകാർഡിന്റെ ഓർമ്മയ്ക്ക്

**നെവിൻ ടോംസ്**
3924, XI B, നെഹ്റു ഹൗസ്




**ല**ഞ്ച് കഴിഞ്ഞുള്ള ഒരൊഴിവു വേള. പ്ലാസ്റ്ററിട്ട വലത്തെ കൈയും തൂക്കി രമേഷ് 'വിക്രാന്ത്' വിങ്ങിലേക്ക് കയറി വന്നു. വിശ്രമിക്കാൻ കിടന്നിരുന്ന ഞാൻ അവനെ കണ്ട് മനസ്സാൽ സഹതപിച്ചു.

തലേന്നു നടന്ന സംഭവങ്ങളുടെ ഹൈലൈറ്റ്സ് എന്റെ മനസ്സിൽ മിന്നി മറഞ്ഞു:

ലഞ്ച് വേളയാണ്. മെസ്സിൽ കുട്ടികളുടെ ബഹളം മുഴങ്ങിക്കേൾക്കാം. വി.കെ.കെ. ഹൗസ് ടേബിളിൽ ഞാൻ കഴിക്കുന്നതിനിടെ വലിയ ആവേശത്തിൽ വിവേകിന് സിനിമാക്കഥ പറഞ്ഞു കൊടുക്കുകയാണ്. വില്ലൻ നായകനെതിരെ പാര പണിയുന്ന ഒരു രംഗം.

പാര – ഏതൊരു സബ്ജൂനിയറിന്റെയും പേടിസ്വപ്നം! ഈ പദത്തിന്റെ ഇംഗ്ലീഷ് പെട്ടെന്നൊന്നും ആരുടെയും നാവിലെത്തില്ല! ഞാൻ അവിടെ പതറി. "വില്ലൻ ഡിസൈഡഡ് റ്റു പുട്ട് പാര റ്റു പൃഥ്വിരാജ്."

ആകാശവാണി തിരുവനന്തപുരത്തേക്കാൾ വേഗത്തിൽ റേഡിയോ സന്ദേശങ്ങൾ മേശയ്ക്കപ്പുറത്തേക്കു പാഞ്ഞു. എതിർ ദിശയിൽ നിന്ന് എനിക്കു നേരെ ഒരു ജോക്കർ കാർഡും!

ഞാനതു മറിച്ചു നോക്കി. രണ്ടേ മുപ്പതിനാണ് എന്റെ അന്ത്യവിധി. ഇപ്പോൾ സമയം രണ്ടേ പത്ത്! മരണവെപ്രാളത്തിൽ ചുറ്റുപാടും നോക്കിയ ഞാൻ മേശയ്ക്ക

പ്പുറത്തു നിന്നും രമേശിന്റെ ചിരി കണ്ടു – ജീവൻ തിരികെ ലഭിച്ചതിന്റെ ആഹ്ലാദവും ദൈവസ്തുതികളും!

മൂന്നേകാലോടെ കൈയും കാലും കഴച്ച് ഞാൻ വിമോചിതനായി. പക്ഷേ, വേദനയ്ക്കപ്പുറം ഞാൻ മറ്റൊരു വികാരത്തെ മനസ്സിൽ താലോലിച്ചു – പതിനൊന്നാം മണിക്കൂറിൽ എന്റെ മരണമണി മുഴക്കിയ രമേഷിനോടുള്ള പക.

കളരി പരമ്പര ദൈവങ്ങളെ സാക്ഷിയാക്കി ഞാൻ പ്രതിജ്ഞയെടുത്തു – ഈ ജോക്കർ കാർഡ് രമേഷിനു തന്നെ!

പരേഡിനുള്ള വിസിൽ മുഴങ്ങി. വി.കെ.കെ. ഹൗസിന്റെ സ്ക്വാഡ് തീവണ്ടിയെപ്പോലെ നീങ്ങിത്തുടങ്ങി. അതിനിടെ എന്റെ കണ്ണുകൾ രമേഷിനെ പരതി കണ്ടുപിടിച്ചു. അവൻ രാജനോടൊപ്പം സ്ക്വാഡിനു പിറകേ നടക്കുകയാണ്.

അവർ സിക്ക് റിപ്പോർട്ട് ബുക്കിൽ ഒരു കടലാസ് വച്ചു വായിക്കുകയാണ്. ഞാൻ പതിയെ അവരുടെ അടുക്കലേക്കു നടന്നു.

''ഇന്ത്യ-ഇംഗ്ലണ്ട് രണ്ടാം ടെസ്റ്റ് സെപ്റ്റംബർ സെവൻതിന്!" ആ മൊഴിമുത്തുകൾ പൊഴിഞ്ഞതും ഞാൻ ചാടി വീണു. "ങാ! ടേക്ക് ദിസ്!" അവൻ അത്ഭുതം നടിച്ചു: "വാട്ട്?" അതു ഞാൻ പ്രതീക്ഷിച്ചിരുന്നു.

തുടർന്നുണ്ടായ വാദത്തിൽ അവനാ വാചകം മാറ്റിപ്പറഞ്ഞു. രണ്ടാം ടെസ്റ്റ് എന്നല്ല, ലണ്ടൻ ടെസ്റ്റ് എന്നായിരുന്നത്രേ അവൻ പറഞ്ഞത്! ഞാൻ വിടുമോ? കാര്യങ്ങൾ വഴക്കിന്റെ വക്കത്തെത്തിയപ്പോൾ, സാക്ഷിയായ രാജൻ അവനോടൊപ്പം ചേർന്നു. അതോടെ എനിക്കു പിന്മാറേണ്ടി വന്നു.

കള്ളന്മാർ! രണ്ടിനെയും ഞാൻ ശരിയാക്കും! വീണ്ടുമൊരു അവസരത്തിന് തക്കം പാർത്ത് ഞാനിരുന്നു.

പിന്നെ ഞാനവനെ കണ്ടത് ഫുട്ബോൾ കോർട്ടിൽ വച്ചാണ്. എന്നെ കണ്ടപാടെ അവന്റെ കണ്ണുകളിൽ ജാഗ്രത മിന്നി.

കളി തുടങ്ങി. രമേഷ് ഗോളിയാണ്. അവനടുത്തു തന്നെ ഡിഫന്ററായി ഞാനും നിലയുറപ്പിച്ചു. "അടിയെടാ!", "ഇവിടെ ത്താടാ പാസ്!" തുടങ്ങി വിളികളുയർന്നെങ്കിലും ഞാൻ അവർക്കൊന്നും എന്റെ നിധി കൊടുത്തില്ല. രമേഷ് അതു ശ്രദ്ധിച്ച് മൂകനായി നിന്നു.

കളി മുറുകി. അജയ് പന്ത് പാസ് ചെയ്ത് സുനിലിനു നൽകി. സുനിൽ ഗോൾ പോസ്റ്റ് ലക്ഷ്യമാക്കി അതാഞ്ഞടിച്ചു. രമേഷ് എത്തിവലിഞ്ഞു ചാടി – പക്ഷേ കിട്ടിയില്ല!

"ഗോൾ!!!" സുനിൽ ആർത്തു വിളിച്ചു. പക്ഷേ, ഞാൻ കേട്ടത് മറ്റൊന്നായിരുന്നു – നിലത്തുവീണ രമേഷിന്റെ ദീനരോദനം! "അമ്മേ......"

മറ്റാരെങ്കിലും അതു കേട്ടോ ആവോ! കേട്ടിട്ടുണ്ടാവണേ എന്നു പ്രാർത്ഥിച്ചുകൊണ്ട് മുറിവേറ്റ അവന്റെ അരികിലേക്ക് ഞാൻ ഓടിച്ചെന്നു.

മണ്ണിൽ നിന്നും അവനെ ഞാൻ വലിച്ചു താങ്ങിയെടുത്തു. എന്നിട്ട്......

എന്നിട്ട്, നിറഞ്ഞ മനസ്സോടെ ഞാൻ അവനു നേരെ എന്റെ ജോക്കർ കാർഡ് നീട്ടി......

കഥ

# പവർകട്ട്

**മനു ജോർജ്ജ്**
3937, XI B, ശിവാജി ഹൗസ്

**ഞാ**ൻ പതിവുപോലെ വെക്കേഷന് വീട്ടിലെത്തി. അന്നൊക്കെ കറന്റ് കട്ട് ഒരു 'ദിനചര്യ' തന്നെയായിരുന്നു. ഈ കറന്റ് കട്ട് സമയത്താണ് ചേച്ചി, ചേച്ചിയുടെ കോളേജ് 'വെടികൾ' എന്നോട് പറയുന്നത്. അച്ഛൻ കുറച്ച് നേരം നടക്കാനിറങ്ങും. അതിനു ശേഷം അമ്മയും അച്ഛനും ഓരോ കാര്യങ്ങൾ ചർച്ച ചെയ്യും. ഈ സംഭവം നടക്കുന്ന ആ ദിവസം 8.00–8.30 വരെയാണ് പവർകട്ട് സമയം. അന്ന് രാത്രി 7.45 ആയി. ഞാൻ ചേച്ചിയുടെ പഠിക്കുന്ന മുറിയിലെത്തി. ചേച്ചി എന്തോ ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. അച്ഛനും അമ്മയും വരാന്തയിൽ ഇരിക്കുന്നുണ്ടായിരുന്നു. 7.59 ആയി. കറന്റിപ്പോൾ പോകും എന്നറിഞ്ഞുകൊണ്ട് അമ്മ തിരിയും തീപ്പെട്ടിയും എടുത്തു വെച്ചു. 8.05. കറന്റ് പോയില്ല. എല്ലാവരും അക്ഷമരായി. 8.10...... 8.15 കഴിഞ്ഞു. കറന്റ് പോയില്ല. ഒടുവിൽ അച്ഛന് ദേഷ്യം കയറി. മെയിൻ സ്വിച്ച് ഓഫ് ചെയ്തു. എല്ലാവരും അവരവരുടെ പതിവു കാര്യങ്ങളിൽ മുഴുകി.

*"സ്വർഗ്ഗം ശപിച്ചവർക്കുള്ളതോ ഭൂമി? - യീ*
*മർത്ത്യന്നു ഭൂമിയിലെ വാസമൊരു ശാപമോ?*
*സുസ്ഥിര സ്നേഹബന്ധങ്ങൾ ജന്മങ്ങളിൽ*
*പുഷ്പിച്ചു ദുഃഖമധുരക്കനികൾ വിളയുന്ന*
*മറ്റൊരിടമുണ്ടോ മഹാപ്രപഞ്ചത്തിൽ?*
*പൃഥ്വിയിതുദാര രമണീയം!"*

ഒ.എൻ.വി. - 'ഉജ്ജയിനി'

# അവൾ പ്രണയിനി..... കവിത

**അനൂപ് എസ്. ശിവൻ**
4384, X C

ഏകാന്തവും ലോലവുമായ
വീണാനാദം പോലെ
പ്രേമത്തിൻ അനന്തതയിലേ-
ക്കോടിയണയാനെത്ര മോഹിച്ചു!!
രാഗവിസ്താരമില്ലാതെയൊരു
ഗന്ധർവ്വ ഗീതമായിരുന്നു അത്.
അവളുടെ പ്രണയത്തിൻ കാട്ടു-
ചോലയെ മോഹിച്ചതോ, ഋതുക്കൾ മാത്രം.
അവളുടെ സ്വപ്നത്തിലെ സൂര്യൻ പ്രണയിച്ചതോ
സൂര്യകാന്തിയെ



മാമരങ്ങൾ പ്രണയിച്ചതോ
മഞ്ഞുകാല നിമിഷത്തേയും.
കാനനത്തിൻ നിഗൂഢ വാത്സല്യവും
മൂകസംഗീതവും കളങ്കമില്ലാത്ത
രമണന്റെ ചന്ദ്രികയായി......
പ്രണയം പകിട്ട യാമത്തിൻ കാമുകിയാണവൾ
കൃഷ്ണന്റെ രാധയെപ്പോലെ
ലാഭനഷ്ടങ്ങളുടെ വിലപേശലില്ലാതെ
മുരളീരവത്തിലലിഞ്ഞ് പ്രണയം നുണഞ്ഞവൾ.
നവാനുരാഗം സ്ഫടികവളകൾക്കു
തുല്യമായി കരുതാതെ
പ്രണയിയെ പ്രണയിക്കാത്തവൾ.
രാപ്പാടിയും മഴവില്ലുമൊക്കെ
അവളിലെ പ്രേമസങ്കൽപ്പത്തെ
ദുരന്തത്തിലോ സാഫല്യത്തിലോ
ചേർത്തുവച്ചു.
എങ്കിലും അവൾ പ്രണയിനി......
കണക്കെടുപ്പുകളില്ലാതെ
അവൾ പ്രണയിനി മാത്രം.

കഥ

# ശിവലിംഗപുരം

ജിനു. പി.എം.
4250, XII C

നേരം ഉച്ചയോടടുക്കുന്നു.....

മണിക്കൂറുകളുള്ള യാത്ര നന്നേ മടുപ്പിച്ചിരിക്കുന്നു.

ഇനിയും നാലു മണിക്കൂർ കൂടി യാത്രയുണ്ട്.

മനസ്സ് വല്ലാതെ ധൃതി കൂട്ടുന്നു.

ആദ്യമായി ലഭിച്ച അപ്പോയ്മെന്റ് ഓർഡർ. ശിവലിംഗപുരത്തെ ഓഫീസിലാണ് പോസ്റ്റിംഗ്. ഓർഡർ കിട്ടിയപ്പോൾ മുതൽ അവിടെയെത്താൻ മനസ്സ് വെമ്പുകയായിരുന്നു. ആദ്യമായി ലഭിച്ച ജോലിയുടെ ത്രില്ല് മാത്രമായിരുന്നില്ല. എത്രയോ നാളായി കൊതിക്കുന്ന സ്വപ്നഭൂമി.....! പലപ്പോഴും അവസരം കൈവന്നിട്ടും എന്തുകൊണ്ടോ അവിടേയ്ക്ക് പോകാതിരുന്നു.

ശിവലിംഗപുരത്തെ കുറിച്ച് ആദ്യമായി തന്നോട് പറഞ്ഞത് കോളേജിലെ റൂംമേറ്റായിരുന്ന ശരത്താണ്. ബാങ്ക് ഓഫീസറായ അങ്കിളിന്റെ ക്വാർട്ടേഴ്സിൽ ഒരു അവധിക്കാലം ചെലവഴിച്ച കഥ അവൻ വിശദമായി പറയുകയായിരുന്നു. പക്ഷേ അവൻ ശിവലിംഗപുരത്തെ കുറിച്ച് പറയാൻ തുടങ്ങിയപ്പോൾ മുതൽ ആവശ്യത്തിൽ കൂടുതൽ മനസ്സ് തുടിക്കാൻ തുടങ്ങിയപോലെ. പിന്നെ പലപ്പോഴും പകൽ നേരങ്ങളിൽ അവന്റെ വാക്കുകൾ വരഞ്ഞിട്ട പാതയിലൂടെയും രാത്രിയുടെ അന്ത്യയാമങ്ങളിൽ അവ്യക്ത സ്വപ്നങ്ങളിലൂടെയും ശിവലിംഗപുരത്ത് ഞാൻ എത്താറുണ്ടായിരുന്നു.

വെളിയിൽ ചൂടിന്റെ കാഠിന്യം കൂടി വരുന്നു. കാറിന്റെ വിൻഡോ കേറ്റിയിട്ട് ഏ.സി. ഓൺ ചെയ്യാൻ ഡ്രൈവറോട് പറഞ്ഞു. എ.സി.യുടെ നനുത്ത തണുപ്പിൽ തല ചായ്ച്ച് കണ്ണുകൾ അടച്ചു.....

സ്ഥലമെത്തിയിരുന്നു......... തന്റെ അവ്യക്ത സ്വപ്നങ്ങളിലെന്നപോലെ ഇരുളിന്റെ മുഖപടമണിഞ്ഞ ആകാശം..... കുറച്ചകലെ കളകളം പാടിക്കൊണ്ട് രേണുപ്പുഴ ഒഴുകുന്നു. പടർന്നു പന്തലിച്ചു നിൽക്കുന്ന വൃക്ഷങ്ങൾ..... ചന്ദനത്തിന്റെ മണമുള്ള കാറ്റ് അവിടെ ഒഴുകി നടക്കുന്നു.

ചേതോഹരമായ അന്തരീക്ഷം. തന്റെ പ്രതീക്ഷകൾക്കുമപ്പുറം ശിവലിംഗപുരം മനോഹരവും നിഗൂഢവുമാണെന്ന് തോന്നി. വൃക്ഷപ്പടർപ്പുകൾക്കിടയിലൂടെയാണ് പഴമയുടെ പ്രൗഢി വിളിച്ചോതുന്ന മാടമ്പി മന ആദ്യം കണ്ടത്.

അതിനടുത്തുള്ള വള്ളിപ്പടർപ്പുകൾക്കി ടയിലൂടെയാണ് ഇരുളടഞ്ഞ കാവ് കണ്ടത്. യക്ഷിക്കഥകളുറങ്ങുന്ന ആ ഇരുളിന് പഴമ യുടെ ഈർപ്പമുള്ള ഗന്ധമുണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞു.

കാവിനടുത്തുള്ള മനയുടെ അടുത്തു കൂടിയാണ് ചെറിയ വീട്ടിലേക്ക് – ബ്രോക്കർ തനിക്കായി ഏർപ്പെടുത്തിയ ചെറിയ വീട്ടി ലേക്ക് – പോകേണ്ടത്.

തന്നെ കണ്ടപ്പോൾ മനയിൽ നിന്നൊ രാൾ ഇറങ്ങിവന്നു. കറുത്ത് കുറുകിയ മനു ഷ്യൻ. നെറ്റിയിൽ ചന്ദനവും കുങ്കുമവും ചേർന്ന പൊട്ട്. കണ്ണുകളിൽ വിനയവും നിഷ്കളങ്കതയും മാത്രം. ചുമലിലിട്ടിരുന്ന ചുവന്ന കള്ളികളുള്ള തോർത്ത് കൈയിലെ ടുത്ത് തൊഴുതുകൊണ്ട് അയാൾ പറഞ്ഞു.

"നാൻ താനെ മുരുകൻ. ബ്രോക്കർ വേലുച്ചാമി എല്ലാമെ ശൊല്ലിയിരുക്ക്...."

ബ്രോക്കർ വേലുച്ചാമിയോട് പറഞ്ഞ് ഏർപ്പാട് ചെയ്തിരുന്ന പാചകക്കാരൻ മുരുകൻ. തമിഴു മാത്രമേ സംസാരിക്കാന റിയൂ. താക്കോലുമായി തന്റെ മുന്നിൽ നടന്ന മുരുകൻ വാതോരാതെ സംസാരിച്ചുകൊണ്ടി രുന്നു. മാടമ്പിമനയെപ്പറ്റിയും അതിനെക്കു റിച്ചുള്ള കഥകളുമാണ് അയാൾ പ്രധാന മായും പറഞ്ഞത്. ഒരു മാടമ്പിയുടെ പ്രണ യവും അതേത്തുടർന്നുള്ള സംഘർഷങ്ങളും ഒടുവിൽ കൊലപാതകത്തിൽ അവസാനിച്ച തുമായ ദുരന്തകഥ, അവിടെ തങ്ങിനിന്ന ചന്ദന മണത്തിനോടൊപ്പം താൻ ആസ്വദിച്ചു.

ചില വെള്ളിയാഴ്ച രാത്രികളിൽ പൂമണവും പാദസ്വരക്കിലുക്കവുമായി വരാ റുള്ള പഴയ ദുരന്ത നായികയുടെ രംഗപ്രവേ ശന വേളയിൽ മാടമ്പിമനയിൽ നിന്ന് മരണ പ്പെട്ട നായകന്റെ പുല്ലാങ്കുഴൽ വായനയും ഉണരുമത്രേ.....

ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും യക്ഷികൾക്ക് എന്തോ വശ്യതയുണ്ടെ ന്നോർത്ത് ഒരു പുല്ലാങ്കുഴൽ വായനയ്ക്ക് ചെവിയോർത്തുകൊണ്ട് ഞാൻ മാടമ്പിമനയി ലേയ്ക്ക് നോക്കി.

* * * *

എന്തോ ശബ്ദം കേട്ട് ഞെട്ടിയു ണർന്നു. പുല്ലാങ്കുഴൽ നാദമല്ല. ഇത് കാറിന്റെ നിലയ്ക്കാത്ത ഹോണാണ്. ഡ്രൈവർ കാർ ഒരു വീടിന്റെ മുന്നിൽ നിർത്തിയിരിക്കുന്നു. നേരം സന്ധ്യയായിരുന്നു.

രണ്ടാമത്തെ ഹോണടി എന്നെ മയക്ക ത്തിൽ നിന്നും പൂർണമായും മോചിതനാക്കി. കാറിന്റെ വിൻഡോ ഗ്ലാസ് പതിയെ താഴ്ത്തി പുറത്തേക്കു നോക്കി. പഴമയുടെ ഇരുൾ വീണ കൊച്ചുവീടിനു മുന്നിലാണ് കാർ നിർത്തിയിരിക്കുന്നത്. ശിവലിംഗപുരത്തെ ക്കുറിച്ച് താൻ കണ്ട സ്വപ്നം ഡ്രൈവറോട് വിശദീകരിക്കാൻ തുടങ്ങുന്നതിനു മുമ്പ് ഡ്രൈവർ പറഞ്ഞു. "വീടെത്തി സാർ. ശിവലിംഗപുരത്ത് ബ്രോക്കർ സാറിനായി എടുത്തിരിക്കുന്ന വീടിതാണ്." സ്വപ്ന ത്തിനും മയക്കത്തിനുമിടയ്ക്ക് ചാഞ്ചാടി നിന്ന മനസ്സിലേയ്ക്ക് നേരിയ വിറയൽ പടർന്നതുപോലെ. ഡോർ തുറന്ന് ശിവലിം ഗപുരത്തെ മണ്ണിൽ ആദ്യമായി കാൽ വച്ച പ്പോൾ ഒരു കോരിത്തരിപ്പ് പെരുവിരലിലൂടെ ശരീരമാകെ വ്യാപിക്കുന്നതായി അറിഞ്ഞു.

ചുറ്റും കണ്ണോടിച്ച് നോക്കിയപ്പോൾ സ്തബ്ധനായി നിന്നുപോയി. മറുവശത്ത് താൻ ഇത്തിരി മുമ്പ് സ്വപ്നത്തിൽ കണ്ട അതേ മന. അതിനരുകിലുള്ള കാവ്! തന്റെ മുന്നിലുള്ള ചെറിയ വീട്. തരിച്ചു നിൽക്കുമ്പോൾ വീശിവന്ന കാറ്റിന് ചന്ദനത്തിന്റെ സുഗന്ധം!

തലയ്ക്കകത്ത് എന്തോ മൂളുന്നത് പോലെ തോന്നി. സ്ഥലകാലബോധം നശിച്ചുപോകുന്നതുപോലെ. ചുറ്റുമുള്ളതെല്ലാം കറങ്ങുന്ന പോലെ.

മനസ്സ് വിഭ്രാന്തിയുടെ പാരാവാരത്തിൽ കിടന്ന് കറങ്ങിക്കൊണ്ടിരിക്കുന്നു. അല്പസമയത്തിനുള്ളിൽ ചിന്താശക്തി തിരിച്ചുകിട്ടി. ചന്ദനത്തിന്റെ ഗന്ധം വീണ്ടും ഭയമായി മനസ്സിനെ ചൂഴ്ന്നുനിന്നു.

ദൂരെ കടവാവലുകൾ ചിറകടിച്ച് പറന്നു കളിക്കുന്നു. കരിമ്പനകൾ കാറ്റിൽ താളം തല്ലുന്നു. കരിമ്പൂച്ചകൾ കൂട്ടത്തോടെ മനസ്സിന്റെ പാതയിൽ മറികടന്നോടുന്നു. തന്റെ മുന്നിലുള്ള പ്രകൃതി തന്നെ പ്രച്ഛന്ന വേഷക്കാരിയാണെന്ന് തോന്നി. "സ്വപ്നം ചിലർക്ക് ചില കാലമൊക്കും" എന്ന് കേട്ടിട്ടുണ്ട്. പക്ഷെ.....?

സ്മൃതി വിഭ്രമത്തിന്റെ നിലയില്ലാക്കയത്തിൽ മുങ്ങിത്താണുകൊണ്ടിരിക്കുമ്പോൾ അതാ മനയിൽ നിന്ന് അയാൾ നടന്നു വരുന്നു....

– സ്വപ്നത്തിൽ മാത്രം തനിക്ക് പരിചയമുള്ള മുരുകൻ!

"ആളുകൾ ആക്രോശിക്കുന്നത് അവർ ക്ഷുഭിതരാകുമ്പോഴാണ്. അവർ ക്ഷുഭിതരാകുന്നുവെന്നു വച്ചാൽ അവരുടെ മനസ്സിൽ വിഷമമുണ്ടെന്നർത്ഥം. അതു മനസ്സിലാക്കിയിട്ടുണ്ടോ?"

"അസംബന്ധം!" എന്നു പറഞ്ഞെങ്കിലും ലൂദ്മീള ഞാൻ പറയുന്നത് ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

ക്ഷോഭിക്കുമ്പോൾ ആളുകൾ എന്തും പറയും. അമ്മ പലപ്പോഴും പറയാറുണ്ട് "നിന്നെ എന്റെ കൺമുന്നിൽ കണ്ടുപോകരുത്." എന്നെ ഉദ്ദേശിച്ചാണ് അപ്പറയുന്നത്. എന്നാൽ ഞാൻ അപ്രത്യക്ഷനാകുന്നത് അമ്മയ്ക്കിഷ്ടമാണെന്ന് വാസ്തവത്തിൽ നിങ്ങൾ വിചാരിക്കുന്നുണ്ടോ?"

ഡി. അലേക്സിൻ — 'വൈകി ജനിച്ച കുഞ്ഞനുജൻ'

ലേഖനം

# വിദ്യാധനം സർവ്വധനാൽ പ്രധാനം

**അരുൺകുമാർ. ജി**
3810, XII A

വിദ്യാഭ്യാസമെന്തെന്നും അതിന്റെ യഥാർത്ഥ ലക്ഷ്യങ്ങളെന്തെന്നും മഹദ്-വ്യക്തികൾ നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. മഹാകവി ടാഗോറിന്റെ അഭിപ്രായത്തിൽ 'വിദ്യാഭ്യാസം കേവലം പുസ്തക പഠനമല്ല, അത് ഓരോ വ്യക്തിയിലും അന്തർലീനമായ ഉത്തമാംശങ്ങളെ പുറത്തുകൊണ്ടുവരുന്ന ശക്തിയാണ്.' മഹാത്മാഗാന്ധിയുടെ ചിന്താഗതി ഇപ്രകാരമാണ്. 'യഥാർത്ഥ വിദ്യാഭ്യാസം ഒരു വ്യക്തിയുടെ കായികവും മാനസികവും ആത്മീയവുമായ വ്യക്തിത്വത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയാണ്.' 'മനുഷ്യനിൽ സ്വതേയുള്ള പൂർണ്ണതയുടെ പ്രകാശനമാണ് വിദ്യാഭ്യാസ'മെന്ന് സ്വാമി വിവേകാനന്ദൻ അഭിപ്രായപ്പെടുന്നു.

വിദ്യാഭ്യാസത്തിലൂടെ വ്യക്തിത്വത്തിന്റെ എല്ലാ മേഖലകളേയും വികസിപ്പിക്കുകയെന്നത് മനുഷ്യന്റെ കടമയാണ്. വിദ്യാഭ്യാസം കൊണ്ട് മനസ്സിലെ മാലിന്യം ദൂരീകരിച്ച് ശത്രുമിത്രഭേദമന്യേ ഏതൊരാൾക്കും ഉപകാരമുള്ള ഒരു വ്യക്തിത്വത്തിന്റെ ഉടമയായിത്തീരുവാൻ ഓരോ വ്യക്തിയും ശ്രമിക്കേണ്ടതാണ്.

ഉപജീവനം നേടാനുള്ള യോഗ്യതയായോ അതിനുള്ള മാർഗ്ഗമായോ വിദ്യാഭ്യാസത്തെ കണക്കാക്കുന്നവരുണ്ട്. ഈ ചിന്താഗതി പൂർണ്ണമായും ശരിയല്ല. പണസമ്പാദനവും അഭീഷ്ടസിദ്ധിയുമല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ധാർമ്മികവും ആദ്ധ്യാത്മികവുമായ വളർച്ച സാധിക്കുകയെന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മതവും ധാർമ്മികമൂല്യങ്ങളും വിദ്യാഭ്യാസത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്.

എല്ലാ പോരായ്മകൾക്കുമുള്ള സിദ്ധൗഷധമായിട്ട് സ്വാമി വിവേകാനന്ദൻ വിദ്യാഭ്യാസത്തെ വിശേഷിപ്പിച്ചിട്ടുണ്ട്. സത്യാന്വേഷണത്തിനും യുക്തിസഹമായ വിചിന്തനത്തിനുമുള്ള കഴിവ് വിദ്യാഭ്യാസം നൽകുന്നു. പുരോഗതിക്ക് വിഘാതമായി നിൽക്കുന്ന അജ്ഞതയേയും അന്ധവിശ്വാസത്തേയും അതു നശിപ്പിക്കുന്നു.

സംസ്ക്കാര സമ്പന്നരാകാൻ വിദ്യാഭ്യാസം നമ്മെ സഹായിക്കുന്നു. ഇന്ത്യയിലെ സാധാരണക്കാരായ ജനങ്ങളിൽ ബഹുഭൂരിപക്ഷവും ഇന്ന് അന്ധവിശ്വാസങ്ങളിലും

അനാചാരങ്ങളിലും വിശ്വസിച്ച് കഴിയുന്ന തിന്റെ കാരണം ശരിയായ വിദ്യാഭ്യാസം ഇല്ല എന്നതാണ്. ഒരുവന് വിദ്യ ലഭിക്കുന്നത് നാല് തലങ്ങളിൽ നിന്നാണ്.

*"ആചാര്യാൽ പരമാദതേ*
*പാദം ശിക്ഷ്യഃ സ്വമേധയാ*
*പാദം സബ്രഹ്മചാരിഭ്യാം*
*പാദം കാലക്രമേണതു"*

(നാലിലൊന്നു വിദ്യയേ ഗുരുമുഖത്തു നിന്നു ലഭിക്കുന്നുള്ളൂ. നാലിലൊന്ന് ലഭിക്കുന്നത് സ്വന്തം പരിശ്രമത്തിൽ നിന്ന് നാലിലൊന്ന് ലഭിക്കുന്നത് കൂട്ടുകാരിൽ നിന്നത്രേ. ശേഷിക്കുന്ന നാലിലൊന്ന് വിദ്യ, കാലമാണ് പകർന്നു തരുന്നത്). നമ്മെ സംസ്ക്കാര സമ്പന്നരും മൂല്യബോധമുള്ളവരുമാക്കി തീർക്കുന്ന വിദ്യയെ ഏറ്റവും വലിയ സമ്പത്തായി വേണം വിലമതിക്കുവാൻ. വിദ്യയുടെ മഹത്വം ഇപ്രകാരം പ്രകീർത്തിക്കപ്പെടുന്നു.

*"ന ചോരഹാര്യം ന ചരാജഹാര്യം*
*ന ഭ്രാതൃഭാജ്യം ന കരോതിഭാരം*
*വ്യയേകൃത വർധതയേവ നിത്യം*
*വിദ്യാധനം സർവ്വധനാൽ പ്രധാനം."*

(കള്ളന്മാർ അപഹരിക്കാത്തതും രാജാവിനാൽ പോലും എടുക്കാൻ കഴിയാത്തതും സഹോദരന്മാർക്ക് വീതം ചെയ്തു കൊടുക്കേണ്ടതും നികുതിഭാരമില്ലാത്തതും ചെലവഴിക്കുന്തോറും വർദ്ധിക്കുന്നതുമായ വിദ്യാധനമാണ് സർവ്വ ധനങ്ങളിലും വച്ച് പ്രധാനപ്പെട്ടത്)

ഭർതൃഹരിയുടെ നീതശതകത്തിൽ വിദ്യയെപ്പറ്റി ഇപ്രകാരം വിവരിച്ചിരിക്കുന്നു.

*"വിദ്യാനാമ നരസ്യരൂപമധികം*
*പ്രച്ഛന്ന ഗുപ്തം ധനം*
*വിദ്യാ ഭോഗകരി യശഃ സുഖകരി*
*വിദ്യാ ബന്ധുജനോ വിദേശ ഗമനേ*
*വിദ്യാ പരദേവതാ*
*വിദ്യാ രാജസംപൂജ്യതേ നഷധനം*
*വിദ്യാ വിഹീനം പശുഃ"*

(വിദ്യയാണ് മനുഷ്യന് കൂടുതൽ സൗന്ദര്യം നൽകുന്നത്. അത് അന്യരുടെ ദൃഷ്ടിക്ക് വിഷയമാകാതെ രക്ഷിക്കപ്പെടുന്ന ധനമാണ്. സുഖമനുഭവിപ്പാനും യശസ്സുണ്ടാക്കാനും അത് ഹേതുവാണ്. അത് വിദേശ സഞ്ചാരത്തിൽ ബന്ധുവായിത്തീരുന്നു. വിദ്യ ഗുരുക്കന്മാരുടെ ഗുരുവാണ്. അത് രാജപ്രീതിക്ക് കാരണമാവും. വിദ്യയില്ലാത്തവൻ മൃഗവും)

ശ്രീനാരായണഗുരു ഉപദേശിച്ചിട്ടുള്ളതുപോലെ വിദ്യകൊണ്ട് പ്രബുദ്ധരാകുവാനാണ് വരും തലമുറ ശ്രമിക്കേണ്ടത്. സ്കൂൾ വിദ്യാഭ്യാസം വേണ്ടത്ര പ്രയോജനപ്പെടുത്താത്തവർ ഭാവിയിൽ ദുഃഖിക്കേണ്ടിവരും. അറിവും സംസ്ക്കാരവും ജീവിതവിജയത്തിന് ആവശ്യമാണ്. വിദ്യാഭ്യാസ കാലഘട്ടം ഇത് രണ്ടും നമുക്ക് പ്രദാനം ചെയ്യുന്നുണ്ട്. അത് പരമാവധി പ്രയോജനപ്പെടുത്തിയാൽ ജീവിതവിജയം സുനിശ്ചിതം.

ഹാസ്യഭാവന



# നമുക്ക് അറിയാവുന്ന ഒരു അജ്ഞാതന്റെ സൗന്ദര്യ രഹസ്യം

**അഭിഷേക് ജോസ്**
4088, X

**ഈ** കഥയുടെ ആദ്യ ചില വരികളിൽ തന്നെ ഈ കഥാപാത്രത്തെ നിങ്ങൾക്ക് മനസ്സിലായേക്കാം. മനസ്സിലായാൽ ആരോടും പറയരുത്. കാരണം എനിക്ക് കുറേക്കാലം കൂടി ജീവിച്ചിരിക്കണം എന്നുണ്ട്. ഞാൻ കഥയിലേക്കു കടക്കട്ടെ!

പല ജെല്ലുകളും ഈ കഥാപാത്രത്തിന്റെ നൂഡിൽസ് പോലുള്ള തലമുടി നിവർത്താൻ യത്നിച്ച് പരാജയപ്പെട്ടിട്ടുണ്ട്. ഈ മുഖം കാണാത്ത ക്രീമുകളില്ല. ഫെയർനെസ്സ് ക്രീമുകളുടെ പരസ്യങ്ങൾക്കു നേരെ പല്ലിളിച്ചുകൊണ്ട് ആ എരുമവർണ്ണം കൂടുതൽ കാളിമയാർന്നു. എത്ര മൂർച്ചയുള്ള ബ്ലേഡ് വെച്ച് ഷേവ് ചെയ്താലും ആ വെട്ടുള്ള താടിയിൽ കുറ്റിരോമം കാണാം. മൊത്തത്തിൽ ഒരു കാട്ടുപോത്തിന്റെ രൂപം.

ടീച്ചേഴ്സിന്റെ കണ്ണിലുണ്ണിയായ ഈ മഹാൻ തല്ലുകൊള്ളാത്ത ദിവസമില്ല. പാവം ഒരു ദിവസം ക്ലാസിൽ നടന്ന തൃശൂർ പൂരത്തിനിടയിൽ അവന്റെ അണപ്പല്ലും തെറിച്ചു. ബാക്ക് ബെഞ്ചിൽ വാ തുറന്നുറങ്ങുമ്പോൾ ഒരു കാര്യം വ്യക്തമാകും. മുഖത്ത് എത്ര ക്രീമുകൾ തേച്ചു വെളുപ്പിച്ചിട്ടുണ്ടെങ്കിലും, ഏതു ടൂത്ത് പേസ്റ്റിട്ടു തേച്ചാലും ആ സ്വർണ്ണപ്പല്ലുകളുടെ മഞ്ഞനിറം മാറില്ല. ഒരു നല്ല ബാസ്ക്കറ്റ് ബോൾ കളിക്കാരനായ ഇദ്ദേഹം കളിക്കുന്ന അവസരത്തിൽ ഒരു പുലിയായി മാറും. (മാന്തും പിച്ചും കടിക്കും). ആർക്കൊക്കെ പ്ലേറ്റു കിട്ടിയില്ലെങ്കിലും ഈ കക്ഷിക്ക് മിനിമം 3 പ്ലേറ്റെങ്കിലും വേണം. എന്നുവച്ച് ഈ കക്ഷി ആർത്തിക്കാരനാണെന്ന് ആരും കരുതരുതേ. ഇദ്ദേഹത്തിന്റെ ശരീരം ഇത്രയും ആവശ്യപ്പെടുന്നതുകൊണ്ട് മാത്രമാണങ്ങനെ സംഭവിക്കുന്നത്.

കണക്ക് സാമ്പിൾ പേപ്പർ കാണുമ്പഴേ തല കറങ്ങുന്ന ഇദ്ദേഹത്തിന്റെ മാതാപിതാക്കളുടെ ആഗ്രഹം അദ്ദേഹത്തിന് എൻ.ഡി.എ–യിൽ കിട്ടണമെന്നാണ്. എന്നാൽ അദ്ദേഹത്തിന്റെയും ഞങ്ങൾ സുഹൃത്തുക്കളുടെയും ആഗ്രഹം ഭാവിയിൽ ഒരു സൂപ്പർ സുന്ദരനായി രജനീകാന്തിനെപ്പോലെ വെള്ളിത്തിരയിൽ ശോഭിക്കണമെന്നാണ്. നമുക്ക് അതിനായി പ്രാർത്ഥിക്കാം.

കവിതകൾ

# തളർന്ന പൂവ്

**രഞ്ജു ആർ.പി.**
4462, VII B



ഒരു താഴ്‌വരയിൽ ഒറ്റയ്ക്കു ഞാൻ
വരണ്ടു വാടി തളർന്നു നിൽക്കുന്നു
അല്ലൽ പൂണ്ടിങ്ങനെ കേഴുന്നിതാ
എങ്ങും വിണ്ടുണങ്ങിയ ചെളിപ്പാടുകൾ മാത്രം.

നീരുറവകൾ തേടിയോടിയെൻ വേരുകൾ തളരുന്നു
തോടും പാടവും വരണ്ടുവറ്റി
ഒരു താഴ്‌വരയിൽ ഒറ്റയ്ക്കു ഞാൻ
വരണ്ടു വാടി തളർന്നു നിൽക്കുന്നു
ഒരു കുളിർതേടി ദാഹനീർ തേടി
ഒരു പെരുമഴസ്വപ്നം കണ്ട് കണ്ടങ്ങനെ......

# തത്തമ്മക്കിളി



**പ്രിൻസ് പി. നാരായണൻ**
4221, VIII C

പുഴയുടെ ഓരത്ത് പുളിമരക്കൊമ്പത്ത്
പൊന്നൂഞ്ഞാലാടുന്ന തത്തമ്മേ
അത്തിപ്പഴം വേണോ നെൽകതിർ വേണോ
പച്ചക്കദളിപ്പഴം വേണോ

കിളിവാലൻ വെറ്റില തിന്നിട്ടോ നിൻ
ചുണ്ടു ചുമന്നതെൻ തത്തമ്മേ?
പച്ച പട്ടുടുപ്പാരു തന്നു? എന്റെ
അത്തറിൻ മണമുള്ള തത്തമ്മെ?

ഏഴാം കടലിനുമപ്പുറത്ത്
മരതക ദ്വീപിൽ നിന്ന്
കിന്നരി തലപ്പാവ് ചൂടി നിൻ
മണവാളനെത്തുമൊരുനാളിൽ
ചെന്തൊണ്ടിച്ചോപ്പുള്ളോരീച്ചുണ്ടി-
ലൊരു മണിമുത്തം തരാനായ്.

ചിന്തനം

# അവൻ വീണ്ടും വരുന്നു

സന്ധ്യ. ആർ
